G2- 627/2022

റീജിയണൽ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

വിനോദ സഞ്ചാര വകുപ്പ്

എറണാകുളം

തീയതി: 22/11/2022

**താൽക്കാലികാടിസ്ഥാനത്തിൽ കരാർ നിയമനം**

ടൂറിസം വകുപ്പിന്റെ കീഴിലുള്ള എക്കോ ലോഡ്ജ് ഇടുക്കി/ പീരുമേട് എന്നിവടങ്ങളിലേക്ക് താഴെ കൊടുത്തിരിക്കുന്ന തസ്തികളിലേക്ക് കരാർ അടിസ്ഥാനത്തിൽ പരമാവധി ഒരു വർഷം കാലയളവിലേക്ക് താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനു യോഗ്യരായ അപേക്ഷകാരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. നിലവിൽ ഒഴിവുള്ള സ്ഥാപനം, തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| നം | തസ്തിക | നിലവിലെ ഒഴിവുള്ള സ്ഥാപനം, ഒഴിവുകളുടെ എണ്ണം | |
|---|---|---|---|
| | | എക്കോ ലോഡ്ജ് ഇടുക്കി | എക്കോ ലോഡ്ജ് പീരുമേട് |
| 1 | വെയിറ്റേഴ്സ് | 2 | 2 |
| 2 | ഹൗസ് കീപ്പിങ് സ്റ്റാഫ് | 1 | 1 |
| 3 | കിച്ചൻമേട്ടി | 1 | 1 |
| 4 | കുക്ക് | 1 | 1 |
| | ആകെ | 5 | 5 |

വിവിധ തസ്തികകളിലേക്കുള്ള ഉദ്യോഗാർഥികൾക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും ചുവടെ പറയുന്ന പ്രകാരമായിരിക്കും.

**എ) വെയിറ്റേഴ്സ്**

I). പ്രീ- ഡിഗ്രി / 10+2 പാസായിരിക്കണം.

II). കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഒരു വർഷത്തെ ഫുഡ് & ബീവറേജ്സ് സർവീസ് ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് വിജയിച്ചിരിക്കണം.

അല്ലെങ്കിൽ

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിൽ നിന്നും ഫുഡ് & ബീവറേജ്സ് സർവീസിൽ ഒരു വർഷ ഡിപ്ലോമ വിജയിച്ചിരിക്കണം.

III). 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ള ആയ ഹോട്ടലുകളിൽ വെയ്റ്റർ/ ബട്ലർ/ ക്യാപ്റ്റൻ ആയി കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം

**ബി) ഹൗസ് കീപ്പിങ് സ്റ്റാഫ്**

I) SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത

II).കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇന്സ്റ്റിറ്റ്യൂട്ടിൽ നിന്നും ഹോട്ടൽ അക്കൊമൊഡേഷൻ ഓപ്പറേഷനിൽ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം

അല്ലെങ്കിൽ

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിൽ നിന്നും ഹോട്ടൽ അക്കൊമൊഡേഷൻ ഓപ്പറേഷനിൽ ഡിപ്ലോമയോ പി.ജി ഡിപ്ലോമയോ വിജയിച്ചിരിക്കണം.

III) 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ ഹൗസ് കീപ്പിങ്ങിൽ 6 മാസത്തെ പ്രവൃത്തി പരിചയം

**സി) കുക്ക്**

I) SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത

II). കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ അല്ലെങ്കിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിൽ നിന്നോ ഒരു വർഷത്തെ ഫുഡ് പ്രൊഡക്ഷൻ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് &

കാറ്ററിംഗ് ടെക്നോളജിയിൽ നിന്ന് കുക്കറി/ ഫുഡ് പ്രൊഡക്ഷനിൽ ഒരു വർഷത്തെ ഡിപ്ലോമ

III) 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ കുക്ക്/ അസിസ്റ്റന്റ് കുക്ക് ആയി കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം.

ഡി) കിച്ചൻമേട്ടി

I) SSLC അല്ലെങ്കിൽ തത്തുല്യ യോഗ്യത

||). കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഒരു വർഷത്തെ ഫുഡ് പ്രൊഡക്ഷൻ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ്

III). 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ കുക്ക്/ അസിസ്റ്റന്റ് കുക്ക് ആയി കുറഞ്ഞത് 1 വർഷത്തെ പ്രവൃത്തി പരിചയം.

വയസ്സ് : മേൽ പറഞ്ഞ തസ്തികയിലേക്ക് 18 - 35 വയസിനും ഇടയിലുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാം. സംവരണ വിഭാഗങ്ങൾക്ക് ചട്ടപ്രകാരമുള്ള വയസിളവ് അനുവദനീയമാണ്

നിബന്ധനകൾ

1) മേൽ പറഞ്ഞ തസ്തികകളിലേക്കുള്ള നിയമനം പരമാവധി ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താൽകാലിക നിയമനമായിരിക്കും.

2) ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത് യോഗ്യതയുടെ അടിസ്ഥാനത്തിൽ എഴുത്ത് പരീക്ഷ/ സ്കിൽ ടെസ്റ്റ് / ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും .

3) തിരഞ്ഞെടുക്കുന്ന ജീവനക്കാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ അതാത് സമയത്തെ സർക്കാർ ഉത്തരവിൻ പ്രകാരം ക്ലാസ് IV ജീവനക്കാർക്ക് നൽകുന്ന തുക വേതനമായി ലഭിക്കും. നിലവിൽ പ്രതിദിന വേതനം - 660 /-

4) അപേക്ഷകർ അതാത് തസ്തികയിലേക്ക് യോഗ്യതയുണ്ടെന്ന് സ്വയം ഉറപ്പുവരുത്തേണ്ടതാണ്.

5) അപേക്ഷകൾ **https://www.keralatourism.org/recruitments** എന്ന വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്ത് **'The Regional Joint Director, Office of the Regional Joint Director, First Floor, Boat Jetty Complex, Ernakualam - 682011'** എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്

*വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6) എഴുത്ത് പരീക്ഷ / സ്കിൽ ടെസ്റ്റ് / ഇന്റർവ്യൂ എന്നിവയ്ക്ക് സ്വന്തം ചിലവിൽ ഹാജരാക്കേണ്ടതാണ് .

7) നിയമനം സംബന്ധിച്ച് ടൂറിസം വകുപ്പ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

8) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **08-12-2022** വൈകുന്നേരം **4** മണി ആയിരിക്കും

റീജിയണൽ ജോയിന്റ് ഡയറക്ടർ

എറണാകുളം

പകർപ്പ്: web site: www.keralatourism.org/ www.keralatourism.gov.in.

പ്രമുഖ പത്രങ്ങൾ/ നോട്ടീസ് ബോർഡ്

ടൂറിസം ഡയറക്ടറേറ്റ്

ഡെപ്യൂട്ടി ഡയറക്ടർ ഇടുക്കി

Department of Tourism, Government of Kerala

**Application Form for the Post of Waiter/House Keeping Staff/Cook/Kitchenmetty**

Affix
Recent
Passport size
Photo

The Post applied for :

Name of the Applicant :

Date of Birth :

Mother Tongue :

Gender : Male/Female/Others

Religion and Caste :

Permanent Address :

Communication Address :

Mobile Number :

Email Address :

Whether employed now : Yes/No

Are You physically challenged : Yes/No

Educational Qualification : ................................................................. Year.................

................................................................. Year.................

................................................................. Year.................

................................................................. Year.................

Work Experience : ........................................................................................

........................................................................................

........................................................................................

Identity Document : .......................................... Number .................................................

Are you qualified for this post as per notification: Yes/No

## Declaration

I declare that the information and documents provided are true and correct. I also understand that any wilful dishonesty may render for refusal of this application or immediate termination of employment

Place :

Date : Signature

* Copies of documents providing Educational Qualification and Work Experience should be submitted along with the application